(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം മറ്റ് സർക്കാർ സ്ഥാപനങ്ങളിലേതുമായി തുല്യതയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സാക്ഷരതാമിഷൻ നടത്തിവരുന്ന തുടർ വിദ്യാഭ്യാസ പരിപാടി അഞ്ചുവർഷത്തേക്കുള്ള ഒരു താൽക്കാലിക പ്രോജക്ടാണ്. ഇവിടെ ക്ലാർക്ക്, പ്യൂൺ തസ്തികകളിലുള്ളവർ ദിവസകൂലി അടിസ്ഥാനത്തിലാണ് ജോലി ചെയ്തു വരുന്നത്. ക്ലാർക്കിന് പ്രതിദിനം 140 രൂപയും പ്യൂണിന് പ്രതിദിനം 120 രൂപയുമാണ് വേതനം നൽകിവരുന്നത്.

(ബി) ദിവസകൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള അതെ വേതനമാണ് സംസ്ഥാന സാക്ഷരതാമിഷനും നൽകിവരുന്നത്.

(സി) ഇതൊരു താൽക്കാലിക പ്രോജക്ടായതുകൊണ്ട് ശമ്പളം മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിന് തുല്യമാക്കാൻ കഴിയില്ല.

എം. എൽ. എ. മാർക്ക് പ്രത്യേക കോഴ്സ്

148 (2090) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്ററികാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എം.എൽ.എ. മാർക്കായി എന്തെങ്കിലും പ്രത്യേക കോഴ്സുകളോ പഠന പരിശീലനമോ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിലേയ്ക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും ഇത്തരം എത്ര പഠനപരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട് എന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഇതുവരെ നടത്തിയിട്ടില്ല. എന്നാൽ ജനപ്രതിനിധികൾക്ക് പരിശീലന കോഴ്സുകൾ നടത്തുന്നതുൾപ്പെടെയുള്ള "പാർലമെന്ററി ഗേറ്റ്വേ" നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

ചെറുകിട പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ് സമർപ്പിച്ച നിവേദനം

149 (2091) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന സംസ്ഥാന ചെറുകിട പത്രപ്രവർത്തക യൂണിയനുവേണ്ടി പ്രസിഡന്റും വർക്കിംഗ് പ്രസിഡന്റും ഗവൺമെന്റ് മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly